"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - (2025-26) ബഡ്ജറ്റിൽ 3435-04-188-99 (P) (V) എന്ന ശീർഷകത്തിൽ നിന്നും ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.122/2025/ENVT തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം: 1. 24.07.2025 തീയതിയിലെ സ.ഉ (സാധാ) നം.72/2025-പരി.

2. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സന്റെ 18-08-2025 തീയതിയിലെ പി.സി.ബി/എ7/350/2025-26-പ്ലാൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നടപ്പ സാമ്പത്തിക വർഷത്തെ (2025-26) ബഡ്ജറ്റിൽ 3435 - 04 -188 99 (P) (V) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 300 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ പരാമർശം (2) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് നടപ്പ സാമ്പത്തിക വർഷത്തെ (2025-26) ബഡ്ജറ്റിൽ 3435 - 04 -188 99 (P) (V) ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയതിൽ നിന്നും ഒന്നാം ഗഡുവായി 105 ലക്ഷം രൂപ (നൂറ്റി അഞ്ചു ലക്ഷം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1) 16/04/2018-ലെ സ.ഉ. (പി) 62/18 ധന. -യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 9/12/08-ലെ സർക്കുലർ നം.84/8/ധന- ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന- ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ. (കൈ) നം.04/2020/ധന. പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ) നം.93/2020/ധന. തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യ പത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
UNNIKUTTAN S S
അണ്ടർ സെക്രട്ടറി

1. ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
3. ധനകാര്യ (പി.യു.സി) വകുപ്പ് (14.11.2025 ലെ പി.യു-സി4/149/2025-ധന പ്രകാരം).
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.(ENVT-A1/186/2025-ENVT)

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 12-12-2025 14:37:46

സെക്ഷൻ ഓഫീസർ